# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3926 — 24.08.2017-ൽ മറുപടിയ്ക്ക്

## സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ അവലോകനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എം. മുകേഷ് : | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ടോ; | എ) കേരളത്തിന്റെ കലാസാംസ്കാരിക രംഗത്തെ കൂടുതൽ ചലനാത്മകമാക്കുവാനും അനാവർത്തന ധനസഹായം കൈപ്പറ്റുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുവാനും അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുവാനും സാംസ്കാരിക നയരൂപീകരണങ്ങൾക്ക് ഉപദേശം നൽകുവാനും നിലവിലുള്ള സർഗ്ഗാവിഷ്കാര മാതൃകകളെ സംരക്ഷിക്കുവാനും പുതിയവയെ പ്രോത്സാഹിപ്പിക്കുവാനുമുള്ള പദ്ധതികൾക്ക് രൂപം നൽകുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെയും സംസ്ഥാനത്ത് ഒരു ഉന്നത അധികാര കൗൺസിൽ രൂപീകരിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി വിഹിതം കൈപ്പറ്റുന്ന സ്ഥാപനങ്ങൾ ഒഴികെയുള്ളവയ്ക്ക് നൽകുന്ന ധനസഹായം സംബന്ധിച്ചും ടി സമിതി ശുപാർശ ചെയ്യുന്നതാണ്.<br><br>സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിൽ സാംസ്കാരികമായഉന്നതി വളർത്തുന്ന തരത്തിൽ വ്യാപിപ്പിച്ചിട്ടുണ്ട്. സാംസ്കാരിക സ്ഥാപനങ്ങൾ ഒരു വരേണ്യ ന്യൂനപക്ഷത്തിന്റേതാക്കി നിർത്തുന്നതിനു പകരം ഈ നാട്ടിലെ ഓരോ സാധാരണക്കാരന്റെയും അഭിലാഷങ്ങൾക്കൊത്തു പ്രവർത്തിക്കുവാനും ശ്രമിക്കുന്നതാണ്. |

ബി) സാംസ്കാരിക സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടതിന്റെയും കാലാനുസൃതമായി പ്രവർത്തിക്കുന്നതിന് സജ്ജമാക്കേണ്ടതിന്റെയും ആവശ്യതകത ഗൗരവമായിക്കാണുമോ:

ബി) സാംസ്കാരിക സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടതിന്റെയും കാലാനുസൃതമായി പ്രവർത്തിക്കുന്നതിന് സജ്ജമാക്കേണ്ടതിന്റെയും ആവശ്യകത ഗൗരവമായി കാണുന്നുണ്ട്. സാംസ്കാരിക നവോത്ഥാനത്തിനുവേണ്ടി ഇത്തരം സ്ഥാപങ്ങൾ നിലകൊള്ളണം എന്നു തന്നെയാണ് സർക്കാരിന്റെയും സാംസ്കാരിക വകുപ്പിന്റെയും നിലപാട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും നവോത്ഥാനമൂല്യങ്ങളിലേയ്ക്കും സാംസ്കാരിക ഉന്നതിയിലേയ്ക്കും നയിക്കുന്നതിനുള്ള ശ്രമങ്ങളാണ് സാംസ്കാരിക വകുപ്പ് നേതൃപരമായി ഏറ്റെടുക്കുന്നത്.

സാംസ്കാരിക സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും സജ്ജമാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന ആവർത്തന ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

സി) സർക്കാർ നിയന്ത്രണത്തിലുള്ളവയെയും ഗ്രന്ഥശാലാസംഘങ്ങളുടെ അംഗീകാരമുള്ളവയെയും മറ്റ് അംഗീകൃത സാംസ്കാരിക കേന്ദ്രങ്ങളെയും കോർത്തിണക്കിക്കൊണ്ട് "മാനവീയ " സന്ദേശങ്ങൾ പ്രചരിപ്പിച്ച് സാംസ്കാരിക ചെറുത്തു നില്പിന് കളമൊരുക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ?

സി) എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും സാംസ്കാരിക മൂല്യങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾക്കെതിരെ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകും വിധം ചർച്ച, സെമിനാർ, സംവാദം തുടങ്ങിയവ സംഘടിപ്പിക്കുന്നതാണ്. ഇവയിൽ സർക്കാർ നിയന്ത്രണത്തിലുള്ളവയേയും ഗ്രന്ഥശാലാ സംഘങ്ങളുടെ അംഗീകാരമുള്ളവയെയും മറ്റ് അംഗീകൃത സാംസ്കാരിക കേന്ദ്രങ്ങളെയും ഉൾപ്പെടുത്തുന്നതാണ്. ഇത്തരത്തിൽ ഒരു മതേതര – സാംസ്കാരിക - ജനകീയ പ്രതിരോധം സൃഷ്ടിക്കുവാൻ സാഹിത്യ അക്കാദമി അടക്കമുള്ള സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈ എടുത്ത് പ്രവർത്തിക്കുന്നുണ്ട്.

മതനിരപേക്ഷ സാംസ്കാരിക പ്രവർത്തനങ്ങളെയും നവോത്ഥാന മൂല്യങ്ങളെയും ശാക്തീകരിക്കുന്നതിന് അനുയോജ്യമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

Sindhu

സെക്ഷൻ ഓഫീസർ